**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3514** **02-03-2023 - ൽ മറുപടിയ്ക്ക്**

**കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഇസ്രായേൽ സന്ദർശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വകുപ്പ് ഉദ്യോഗസ്ഥരും കർഷകരും ഉൾപ്പെട്ട സംഘം ഇസ്രായേൽ സന്ദർശിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; പ്രസ്തുത സംഘത്തിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ; സംഘത്തിന്റെ യാത്രക്കായി അനുവദിച്ച തുക എത്രയാണെന്നതിന്റെ വിശദാംശം നൽകുമോ; | (എ) | **(എ)** ഉണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആദായകരമായി കൃഷി ചെയ്യുന്ന വിദേശ രാജ്യങ്ങളിലെയും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെയും കൃഷിയിടങ്ങൾ സന്ദർശിച്ച് മികച്ച കൃഷിരീതികൾ (Best Practices in Agriculture) മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തെ കർഷകർക്ക് അവസരമൊരുക്കുന്ന പദ്ധതിയ്ക്കായി 2 കോടി രൂപ 2022-2023 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരുന്നു. പദ്ധതി നടപ്പാക്കുന്നതിന്റെ ആദ്യ പടിയായി കേരളത്തിൽ നിന്നും പരമാവധി 29 കർഷകരെ ഉൾപ്പെടുത്തി ഇസ്രായേലിലേയ്ക്ക് ഒരു പഠന സന്ദർശനം നടത്താൻ സ.ഉ(സാധാ)124/2023 തീയതി 06.02.2023 പ്രകാരം അംഗീകാരം നൽകിയിരുന്നു. അതിൻ പ്രകാരം കാർഷികോല്പാദന കമ്മീഷണറും തെരഞ്ഞെടുക്കപ്പെട്ട 27 കർഷകരും അടങ്ങുന്ന ഒരു സംഘം 2023 ഫെബ്രുവരി 12 മുതൽ 19 വരെ ഇസ്രായേൽ സന്ദർശിക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത സംഘത്തിൽ വകുപ്പ് മന്ത്രി ഉൾപ്പെട്ടിരുന്നുവെങ്കിലും പിന്നീട് അതിൽ നിന്നും ഒഴിവാകാൻ ഉണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ? | (ബി) | **(ബി)** പ്രസ്തുത സംഘത്തിൽ വകുപ്പ് മന്ത്രി ഉൾപ്പെട്ടിരുന്നില്ല |

സെക്ഷൻ ഓഫീസർ